# ഭാരതീയ ജനതാ പാർട്ടി
# (സെൻട്രൽ ഓഫീസ്)

11 അശോകാ റോഡ്, ന്യൂദൽഹി: 110001
ഫോൺ: 23005700. ഫാക്സ്: 23005787

തീയതി: ജനുവരി 8,2014

<u>പാർട്ടി വക്താവ് ശ്രീമതി നിർമലാ സീതാരാമൻ പുറപ്പെടുവിക്കുന്ന പ്രസ്താവന</u>

ബംഗ്ലാദേശിലെ ഹിന്ദുക്കൾക്കെതിരേ നടക്കുന്ന ആക്രമണങ്ങൾ ബിജെപി ഗൗരവത്തോടെ കാണുന്നു.

അവിടത്തെ ആഭ്യന്തര സുരക്ഷ ആ രാജ്യത്തിന്റെ കാര്യമാണെങ്കിലും തെരഞ്ഞെടുപ്പു കഴിഞ്ഞ് അവിടെ നടക്കുന്ന ആക്രമണങ്ങളെ അങ്ങനെ കാണാനാവില്ല. റിപ്പോർട്ടുകൾ കാണിക്കുന്നത് ആക്രമണങ്ങൾ അത്രമാത്രം ആസൂത്രിതമായി നടക്കുന്നവയാണെന്നാണ്. താക്കുറാഗാവ് എന്ന ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശം കേന്ദ്രീകരിച്ചാണ് ആക്രമണങ്ങൾ. ചിത്തഗോങിന്റെ ദക്ഷിണ പ്രദേശത്തും ജെസോറിന്റെ പടിഞ്ഞാറൻ മേഖലയിലുമാണ് ഇത്. ബംഗ്ലാദേശിലെ മാധ്യമങ്ങൾ പോലും പറയുന്നു ഈ ആക്രമണങ്ങൾ ഹിന്ദുക്കളെ മാത്രം ലക്ഷ്യമിട്ടുള്ളതാണെന്ന്. തെരഞ്ഞെടുപ്പിനു ശേഷം നൂറുകണക്കിനു ന്യൂനപക്ഷങ്ങളുടെ ഭവനങ്ങൾ കൊള്ളയടിക്കപ്പെടുകയും തീവെക്കുകയും ചെയ്തതായും റിപ്പോർട്ടുകളു ്.

അതേപോലെതന്നെ, പാക്കിസ്ഥാനിലെ ഹിന്ദു കൗൺസിൽ മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണ് അവിടെ ഹിന്ദു പെൺകുട്ടികളെ തട്ടിക്കൊണ്ടു പോവുകയും ബലാൽസംഗം ചെയ്യുകയും മതപരിവർത്തനം നടത്തുകയും ചെയ്യുന്നതു വർദ്ധിച്ചു വരുന്നതായി. പാക്കിസ്ഥാന്റെ തന്നെ ഡോൺ.കോം പറയുന്നതനുസരിച്ച് നിർബന്ധിത മതപരിവർത്തനത്തിന്റെ ഫലമായി ഹിന്ദുപെൺകുട്ടികളും, മറ്റു കുറ്റകൃത്യങ്ങളെ തുടർന്ന്-ഹിന്ദു ക്ഷേത്രങ്ങൾ ആക്രമിച്ചും മറ്റും-2012-ൽ 3000 ഹിന്ദുക്കൾ ഇന്ത്യയിലേക്ക് പലായനം ചെയ്യേണ്ടിവന്നു, ഇത് മുൻ വർഷത്തേക്കാൾ മൂന്നിരട്ടിയാണ്.

മാനുഷിക കാര്യങ്ങളുടെ സമന്വയ പ്രവർത്തനങ്ങൾ നടത്തുന്ന യുഎൻ ഓഫീസായ ഐെആർഐഎൻ റിപ്പോർട്ടു ചെയ്തിട്ടുണ്ട് ഹിന്ദു പെൺകുട്ടികളെ ആസൂത്രിത ലക്ഷ്യം വെച്ച് ബലാൽസംഗം ചെയ്യുന്നതും ഇസ്ലാമിലേക്കു മതപരിപവർത്തനം നടത്തുന്നതുമായ സംഭവങ്ങൾ. ഓരോ മാസവും കറാച്ചിയിൽ മാത്രം ഇത്തരം 15-20 സംഭവങ്ങൾ നടക്കുന്നതായി ഇന്ത്യൻ മാധ്യമങ്ങളും റിപ്പോർട്ടു ചെയ്യുന്നു.ഏഷ്യൻ ഹ്യൂമൻ റൈറ്റ്സ് കമ്മീഷനും ഇക്കാര്യം ഇതേപോലെ റിപ്പോർട്ടു ചെയ്യുന്നു. അയൽരാജ്യത്ത് അതു പാക്കിസ്ഥാനിലായാലും ബംഗ്ലാ

ദേശിലായാലും ഉണ്ടാകുന്ന അസ്ഥിരതകൾ ന്യൂനപക്ഷ വിഭാഗത്തിൽ പെടുന്ന ഹിന്ദുക്കൾക്കെതിരേയുള്ള ആക്രമണങ്ങളായി മാറുന്നു. അവർ പീഡിപ്പിക്കപ്പെടുന്നു.

വിദേശകാര്യമന്ത്രാലയം ഈ വിഷയം നയതന്ത്ര വേദിയിൽ വളരെ കരുതലോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

**(അരുൺ കുമാർ ജെയിൻ)**

**ഓഫീസ് സെക്രട്ടറി**